

# കുരിശിന്റെ വഴി

(ഗാനങ്ങളോടു കൂടിയത്)

ഈശോയേ ക്രൂശും താങ്ങി-
പോയനിന്റെ അന്ത്യയാത്രയിതിൽ
കന്നിമേരി-യമ്മയോടും
ചേർന്നുനിന്നെയനുഗമിച്ചീടുന്നു ഞങ്ങൾ

സ്വർഗ്ഗീയ-മാർഗ്ഗമിതിൽ
നീ ചൊരിഞ്ഞ രക്തത്തുള്ളികളാം
രത്നങ്ങളെ ശേഖരിക്കാൻ
നീ തുണയ്ക്ക, നിനക്കവ കാഴ്ചവച്ചീടാം

## പ്രാരംഭ പ്രാർത്ഥന

കാർമ്മി : ഭൂലോകപാപങ്ങളെ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടായ മിശിഹായേ, മനുഷ്യരുടെ പാപങ്ങൾക്കു പരിഹാരമായി ഗാഗുൽത്താമലയിൽ അങ്ങു രക്തം ചിന്തിക്കൊണ്ടു സമർപ്പിച്ച ദിവ്യ ബലിയിൽ ആത്മനാ പങ്കുകൊള്ളുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ശിരസ്സിൽ മുൾമുടി

ധരിച്ചും തോളിൽ കുരിശു വഹിച്ചും അങ്ങു ഗാഗുൽത്തായിലേക്കു പോയ ആ വഴിയിൽ അങ്ങേ ദിവ്യമാതാവിനോടൊത്തു ഞങ്ങളും അങ്ങയെ അനുഗമിക്കുന്നു. മാനസികമായ അങ്ങയുടെ ക്ലേശങ്ങൾക്കും, ശാരീരികമായ അങ്ങയുടെ പീഡാസഹനങ്ങൾക്കും ഞങ്ങളുടെ പാപങ്ങളാണല്ലോ കാരണം. കർത്താവേ, ഞങ്ങളുടെ പാപങ്ങളെ ഓർത്തു ഞങ്ങൾ മനസ്തപിക്കുന്നു. ഇനിമേലിൽ പാപം ചെയ്ത് അങ്ങയെ വേദനിപ്പിക്കുകയില്ല എന്നു ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. അനുദിനജീവിതത്തിലെ ക്ലേശങ്ങളാകുന്ന കുരിശും വഹിച്ചുകൊണ്ട് അങ്ങയുടെ പിന്നാലെ വരുവാനും ജീവിതബലി പൂർത്തിയാക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

**കാർമ്മി :** കർത്താവേ, അനുഗ്രഹിക്കണമേ.

**സമൂഹം :** പരിശുദ്ധ ദൈവമാതാവേ, അങ്ങേ തിരുക്കുമാരന്റെ തിരുമുറിവുകളെ എന്റെ ഹൃദയത്തിൽ പതിപ്പിച്ചുറപ്പിക്കണമെ.

## ഒന്നാം സ്ഥലം

### ഈശോമിശിഹായെ മരണത്തിനു വിധിക്കുന്നു

പീലാത്തോസ് - അന്യായമായ്
ഈശോയേ കൊല്ലുവാനായ് വിധിച്ചു
നമ്മുടെ വൻ - പാപഗണം
കാരണമായിതിനെന്നു ധ്യാനിച്ചീടുക

ന്യായേശാ പാപികളാം
ഞങ്ങളെ നീ വിധിച്ചീടും നാളിൽ
നീതിപോലെ ചെയ്യരുതേ!
കാരുണ്യത്തോടെ ഞങ്ങളെ തൃക്കൺപാർക്കണേ